മലയാള മനോരമ
03 May 2024

# ബൗദ്ധിക സ്വത്ത്: തദ്ദേശീയരുടെ അറിവിന് പരിഗണന നൽകണം സിഎംഎഫ്ആർഐ

കൊച്ചി● ബൗദ്ധിക സ്വത്ത് അവകാശത്തിൽ തദ്ദേശീയരുടെ പരമ്പരാഗത അറിവുകൾക്ക് അർഹമായ പരിഗണന നൽകണമെന്ന് സിഎംഎഫ്ആർഐ സംഘടിപ്പിച്ച ശിൽപശാല നിർദേശിച്ചു.

ലോകജനസംഖ്യയുടെ 75 ശതമാനവും പ്രാഥമികാരോഗ്യ സംരക്ഷണത്തിനായി സസ്യാധിഷ്ഠിത പരമ്പരാഗത ചികിത്സകളെ ആശ്രയിക്കുന്നുണ്ട്.

ഇതിന്റെ നേട്ടം ചെറുകിട തോട്ടക്കാർ, മത്സ്യത്തൊഴിലാളികൾ, വനവാസികൾ എന്നിവരുൾപ്പെടുന്ന തദ്ദേശീയ ജനതയ്ക്കു കൂടി അവകാശപ്പെട്ടതാണെന്ന് ശിൽപശാല വിലയിരുത്തി.

കൊച്ചി സർവകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രഫസർ ഡോ. കവിത ചാലയ്ക്കൽ പ്രബന്ധം അവതരിപ്പിച്ചു.

ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ. കാജൽ ചക്രബർത്തി, ഡോ. സൈമ റഹ്മാൻ എന്നിവർ പ്രസംഗിച്ചു.